**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **08-10-2024 - ൽ മറുപടിയ്ക്ക്**

**ശബരിമല മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വേഗത്തിലാക്കാൻ കൃത്യമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി പോലീസ്, കെ.എസ്.ആർ.റ്റി.സി. ഉദ്യോഗസ്ഥർക്ക് ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവ വേളയിൽ നിലയ്ക്കൽ ബേസ് ക്യാമ്പിൽ താമസിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിച്ച് വരികയാണ്. കൂടാതെ പമ്പ വിനായക ഗസ്റ്റ് ഹൗസിന്റെ നവീകരണ പ്രവൃത്തികൾ അടുത്ത ശബരിമല സീസൺ ആരംഭിക്കുന്നതിന് മുൻപായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. ശബരിമലയിലെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ സംരക്ഷണ ഭിത്തി നിർമ്മാണവും സീസൺ ആരംഭിക്കുന്നതിന് മുൻപ് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ നിലയ്ക്കൽ ബേസ് ക്യാമ്പിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലയ്ക്കൽ ബേസ് ക്യാമ്പിനുള്ളിലെ കോർ ഏരിയയുടെ വികസനത്തിന് 28.4 കോടി രൂപയുടെ ഭരണാനുമതിയും കുന്നാർ ഡാമിൽ നിന്നും ശബരിമലയിലേക്ക് പുതിയ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 9.94 കോടി രൂപയുടെ ഭരണാനുമതിയും പമ്പയ്ക്കും വലിയ നടപ്പന്തലിനും ഇടയിലുള്ള വഴിയിൽ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഉരുക്ക് കൂടുകൾ നിർമ്മിച്ച് (കാട്ടുപന്നി അക്രമങ്ങളിൽ നിന്നുമുള്ള സംരക്ഷണാർത്ഥം) രണ്ട് ബിൻ മാലിന്യ സംവിധാനം നടപ്പിലാക്കുന്നതിന് 35 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പമ്പ റെസ്ക്യൂ ബ്രിഡ്ജിന്റെ ഡി.പി.ആർ, ശബരിമല അഗ്നി സുരക്ഷാ സംവിധാനങ്ങളുടെ ഡി.പി.ആർ, നിലയ്ക്കൽ ബേസ് ക്യാമ്പിനുള്ളിലെ റോഡുകളുടെയും |

| | | | |
|---|---|---|---|
| | | | അനുബന്ധ പ്രവൃത്തികളുടെയും ഡി.പി.ആർ എന്നിവ തയ്യാറായിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെട്ട ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നു വിശദമാക്കുമോ; | (ബി) | 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ശബരിമല മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് നൽകിയ ഭരണാനുമതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തികവർഷം എന്തു തുകയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ആകെ 27.6 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>2024-25 വർഷത്തെ പദ്ധതി ഘടകങ്ങളും വകയിരുത്തിയിരിക്കുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (ഡി) | ശബരിമല റോപ് വേ പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ശബരിമല റോപ് വേ പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വനം വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലും 10/07/2024-ന് യോഗം ചേർന്ന് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. പരിഹാരവനവല്കരണത്തിനുള്ള ഭൂമി സംബന്ധിച്ച സർക്കാരുത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിച്ചാലുടനെ ശബരിമല റോപ് വേ പദ്ധതിയ്ക്കായി തയ്യാറാക്കിയിട്ടുള്ള പുതിയ സർവ്വേ സ്കെച്ച് അനുസരിച്ച് ആവശ്യമായ വനഭൂമി divert ചെയ്തു ലഭിക്കുന്നതിനായി PARIVESH Portal ൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

**Sabarimala Masterplan – Administrative Sanctions accorded by Government during the Financial years 2022-23 and 2023-24.**

| ക്രമ നം | പ്രവൃത്തി | സർക്കാർ ഉത്തരവ് | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | നിലയ്ക്കൽ കോർ ഏരിയയുടെ വികസനം | G.O.(Rt) No. 5231/2022/RD dtd 25/12/2022 | 2840 |
| 2. | കുന്നാർ മുതൽ ശബരിമല സന്നിധാനം വരെ കുടിവെള്ള സൗകര്യം ഒരുക്കൽ - കുടിവെള്ള പൈപ്പ് ലൈൻ മെച്ചപ്പെടുത്തൽ | G.O.(Rt) No. 1444/2023/RD dtd 01/04/2023 | 994 |
| 3. | നിലയ്ക്കൽ (കോർ ഏരിയയ്ക്ക് പുറത്ത്) റോഡുകളുടെയും അതിനെ ബന്ധിപ്പിച്ചു കൊണ്ടുള്ള പാലങ്ങളുടെയും നിർമ്മാണം - ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | G.O(Rt) No. 1972/2023/RD dtd 24/05/2023 | 50 |
| 4. | പമ്പാ ഗണപതി ക്ഷേത്രത്തിൽ നിന്നും ഹിൽ ടോപ് വരെയുള്ള സുരക്ഷാപാലത്തിന്റെ നിർമ്മാണം - ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | G.O(Rt) No. 1989/2023/RD dtd 24/05/2023 | 86.25 |
| 5. | പമ്പയ്ക്കും വലിയ നടപ്പന്തലിനും ഇടയിലുള്ള വഴിയിൽ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഉരുക്ക് കൂടുകൾ നിർമ്മിച്ച് (കാട്ട് പന്നി അക്രമങ്ങളിൽ നിന്നുമുള്ള സംരക്ഷണാർത്ഥം) രണ്ട് ബിൻ മാലിന്യ സംവിധാനം നടപ്പിലാക്കുന്നതിന് | G.O.(Rt) No. 3260/2023/RD dtd 10/09/2023 | 35 |
| 6. | പമ്പയിലെ ഗസ്റ്റ് ഹൗസിന്റെ നവീകരണവും പാർക്കിംഗ് സൗകര്യം ഒരുക്കലും (ട്രാക്ടർ പാർക്കിംഗും ഔദ്യോഗിക പാർക്കിംഗും) | G.O.(Rt) No. 3261/2023/RD dtd 11/09/2023 | 115 |
| 7. | സന്നിധാനത്തെ വിവിധ കെട്ടിടങ്ങൾക്ക് | G.O.(Rt) No. 566/2024/RD | 9.32 |

| | | | |
|---|---|---|---|
| | (അന്നദാന മണ്ഡപമുൾപ്പെടെ) അഗ്നിശമന ക്രമീകരണങ്ങൾ നൽകൽ - ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | dtd 14/02/2024 | |
| 8. | സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രത്തിന്റെയും തന്ത്രിമഠത്തിന്റെയും പ്രസാദം കോംപ്ലക്സിന്റെയും നിർമ്മാണം - ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | G.O.(Rt) No. 563/2024/RD dtd 14/02/2024 | 50 |

**അനുബന്ധം – 2**

**ശബരിമല മാസ്റ്റർപ്ലാൻ – 2024-25 വർഷത്തെ പദ്ധതി ഘടകങ്ങളും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നം. | പദ്ധതി ഘടകം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) |
|---|---|---|
| 1 | പമ്പാ ഗണപതി ക്ഷേത്രത്തിൽ നിന്ന് ഹിൽടോപ് വരെയുള്ള സുരക്ഷാ പാലത്തിന്റെ നിർമ്മാണം – പ്രാഥമിക പ്രവൃത്തികൾക്ക് | 800 |
| 2 | നിലയ്ക്കൽ കോർ ഏരിയയുടെ വികസനം – (എ) കാൽനട നടപ്പാത, (ബി) അന്നദാന മണ്ഡപം, (സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, (ഡി) വിശ്രമ പവലിയൽ – പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കും ഒന്നാം ഘട്ടം – പ്രാഥമിക ചെലവ്. | 500 |
| 3 | നിലയ്ക്കലിൽ(കോർ ഏരിയയ്ക്ക് പുറത്ത്) റോഡുകളുടെയും അതിനെ ബന്ധിപ്പിച്ച് കൊണ്ടുള്ള പാലങ്ങളുടെയും നിർമ്മാണം. – പ്രാഥമിക പ്രവൃത്തികൾക്ക് | 200 |
| 4 | സന്നിധാനത്തെ തീർത്ഥാടന സൗകര്യ കേന്ദ്രത്തിന്റെയും തന്ത്രി മഠത്തിന്റെയും നിർമ്മാണം, അഡ്മിനിസ്ട്രേറ്റീവ് ക്യാമ്പ് ഓഫീസിന്റെയും സ്വാമി അയ്യപ്പൻ റോഡിന്റെയും നവീകരണം – പ്രാഥമിക പ്രവൃത്തികൾക്ക് | 100 |
| 5 | സന്നിധാനത്തെ വിവിധ കെട്ടിടങ്ങൾക്ക് അന്നദാനമണ്ഡപമുൾപ്പെടെ അഗ്നി ശമന ക്രമീകരണങ്ങൾ നൽകൾ – പ്രാഥമിക പ്രവൃത്തികൾക്ക് | 110 |
| 6 | ശബരിമല സന്നിധാനത്തെ എക്സിറ്റ് ബ്രിഡ്ജ് നിർമ്മാണം(ബെയ്ലി പാലത്തിന് പകരം: – ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | 50 |
| 7 | നിലയ്ക്കൽ ബേസ് ക്യാമ്പിൽ ജലവിതരണ ലൈനുകൾ സ്ഥാപിക്കുന്നതുൾപ്പെടെ – ജലാശയങ്ങളുടെ പുനരുജ്ജീവനം – ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | 50 |
| 8 | ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനുള്ള ഹൈപ്പവർ കമ്മിറ്റിയിലെ ജീവനക്കാരുടെ ചെലവും സ്ഥാപന ചെലവും | 50 |
| 9. | നിർമ്മാണ പ്രവൃത്തികളുടെ തീർപ്പാക്കാത്ത ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥ | 900 |